## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 മാർച്ച് 27, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

58 (*541) പദ്ധതികളിലും പ്രോജക്ടുകളിലും വിദഗ്ദ്ധരുടെ പങ്കാളിത്തം

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) നൽകിയ മറുപടിയിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനകീയാസൂത്രണ പദ്ധതി പ്രോജക്ടുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി വർക്കിംഗ് ഗ്രൂപ്പുകളിൽ കൂടുതൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ 2017-18 വർഷം മുതൽ തദ്ദേശഭരണ സ്ഥാപനതലത്തിൽ വിദഗ്ദ്ധരടങ്ങുന്ന ആസൂത്രണ സമിതികൾക്ക് രൂപം നൽകുകയും ജില്ലാ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വിദഗ്ദ്ധരുടെ സേവനം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന-ജില്ലാ തലങ്ങളിൽ സന്നദ്ധ

പ്രവർത്തനത്തിന് തയ്യാറുള്ള വിദഗ്ധരുടെ പാനലിനു രൂപം നൽകുന്നതിന് നടപടി സ്വീകരിച്ചു വരികയും ഓൺലൈനായി രജിസ്റ്റർ ചെയ്തവരുടെ ആദ്യഘട്ട ശില്പശാല തൃശ്ശൂർ കിലയിൽ (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ) വച്ച് നടത്തിയിട്ടുമുണ്ട്. ലൈഫ് പദ്ധതിയിൽ സാങ്കേതിക സഹായം നൽകുന്നതിന് തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസികളായി വിവിധ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ ബ്ലോക്ക് തലത്തിൽ നിയമിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ 'ഉന്നത് ഭാരത് അഭിയാൻ' പ്രകാരം കേന്ദ്ര സർക്കാർ ലഭ്യമാക്കുന്ന സേവനങ്ങൾ കൂടി ഇതിനായി ഉപയോഗപ്പെടുത്താൻ കഴിയും. പഞ്ചായത്ത് തലത്തിൽ പ്ലാനിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെന്നും ഓരോ പഞ്ചായത്തിലും റിസോഴ്സ് പേഴ്സൺസിനെ നിയമിക്കാവുന്നതാണെന്നും ജില്ലാ തലത്തിൽ ഫെസിലിറ്റേറ്റർമാരെ നിയമിച്ചിട്ടുണ്ടെന്നും സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള പദ്ധതികൾ ഭൂരിപക്ഷം പഞ്ചായത്തുകളും പൂർത്തിയാക്കിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സംയോജിത സേവനം നടപ്പാക്കുന്നതിനും ജില്ലാ-താലൂക്ക്-ഗ്രാമ സഭകൾ ഫലപ്രദവും കാര്യക്ഷമവുമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതുമാണ്. 2017-18 സാമ്പത്തിക വർഷം പഞ്ചായത്ത് തലത്തിൽ 74.59 ശതമാനവും മുനിസിപ്പൽ കോർപ്പറേഷനുകളിൽ 81.50 ശതമാനവും വസ്തു നികുതി ഇനത്തിൽ

പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട പൂർത്തിയാകാത്ത പദ്ധതികൾ പരിശോധിക്കണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിനും നിർവ്വഹണത്തിനുമായി ശാസ്ത്ര-സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കായി ഇന്റേൺഷിപ്പ് പ്രോഗ്രാം സംഘടിപ്പിക്കുന്നതിന് അവസരമൊരുക്കുന്നതാണെന്നും എഞ്ചിനീയർമാർ സൈറ്റ് ഇൻസ്പെക്ഷനായി ഉപയോഗിക്കുന്ന വാഹനത്തിന്റെ വാടക നൽകുന്നതാണെന്നും കുടിശ്ശികയുള്ള ബില്ലുകൾ കൊടുത്തുതീർക്കുന്നതാണെന്നും ഈ വർഷം ആരംഭിച്ച പ്രവൃത്തികൾക്ക് സ്പിൽ ഓവർ അനുവദിക്കുന്നതാണെന്ന് ധനകാര്യ വകുപ്പ് ഉറപ്പ് നൽകിയിട്ടുണ്ടെന്നും വകുപ്പുകളുടെ എകീകരണത്തോടെ നഗരാസൂത്രണ വിദഗ്ദ്ധരുടെ സേവനം വിവിധ തലങ്ങളിൽ ഉപയോഗപ്പെടുത്താൻ സാധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

59 (*542) <u>അഗ്രോ എക്കോളജിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം</u>

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) നൽകിയ മറുപടിയിൽ, കൊല്ലം, പാലക്കാട്, കണ്ണൂർ, വയനാട് ജില്ലകളിൽ 2011-12 സാമ്പത്തിക വർഷം മുതൽ കാർഷിക ജൈവ വ്യവസ്ഥ യൂണിറ്റിനെ അടിസ്ഥാനമാക്കി "ലീഡ്സ്" എന്ന വിജ്ഞാന വ്യാപന സംവിധാനം ആരംഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു.

ഇത് ശക്തിപ്പെടുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷം 'സമേതി' -ക്ക് 131.77 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഓരോ പഞ്ചായത്തിൽ നിന്നും 3 പുരോഗമന കർഷകരെ ലീഡ് ഫാർമർമാരായി തെരഞ്ഞെടുക്കുകയും ഓരോ ലീഡ് ഫാർമറെയും കേന്ദ്രീകരിച്ച് ഒരു സാറ്റ്-ലൈറ്റ് ഫാർമർ ഗ്രൂപ്പ് രൂപീകരിക്കുകയും നൂതന സാങ്കേതിക വിദ്യയുടെ പ്രദർശനം, പ്രചരണം എന്നിവയ്ക്കായി ഓരോ ലീഡ് ഫാർമർക്കും ഓരോ സാറ്റ്-ലൈറ്റ് ഗ്രൂപ്പിനും 4000/- രൂപ വീതം അനുവദിക്കുകയും ചെയ്യുന്നുണ്ട്. 'ആത്മ' പ്രോജക്ട് ഡയറക്ടർ തയ്യാറാക്കുന്ന സന്ദർശന ഷെഡ്യൂൾ അനുസരിച്ച് ഫീൽഡ് അസിസ്റ്റന്റുമാർ ലീഡ് ഫാർമറെയും സാറ്റ്-ലൈറ്റ് ഗ്രൂപ്പുകളെയും സന്ദർശിക്കുകയും ഫീൽഡ് തലത്തിലെ പ്രശ്നങ്ങൾ ശേഖരിച്ച് കൃഷിഭവൻ ആഫീസറുടെയും മറ്റും സഹായത്തോടെ പരിഹരിക്കുകയും ചെയ്യുന്നു. കാർഷിക വിജ്ഞാന വ്യാപനം നടത്തുന്നതിനായി SFAC മുഖേന വിവിധ വെബ് പോർട്ടൽ സംവിധാനങ്ങളും ഉൽപ്പന്നങ്ങളുടെ വിപണനത്തിനും കർഷകരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനുമായി മൊബൈൽ ആപ്ലിക്കേഷനുകളും പരിശീലനം സിദ്ധിച്ച ടെക്നീഷ്യൻമാരുടെ സേവനം ഓൺലൈനായി നൽകുന്നതിനുമുള്ള സംവിധാനങ്ങളൊരുക്കിയിട്ടുണ്ട്. മണ്ണിലെ സൂക്ഷ്മ മൂലകങ്ങൾ കൃഷിക്ക് ശരിയായ വിധത്തിൽ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി 2017-18 സാമ്പത്തിക വർഷം ഹെക്ടർ ഒന്നിന് 500/- രൂപയും കുട്ടനാട്ടിലെ കോൾ മേഖലയിൽ അമ്ലാംശത്തിന്റെ

വർദ്ധനവുമൂലമുണ്ടാകുന്ന പ്രശ്നം പരിഹരിക്കുന്നതിന് ഹെക്ടറിന് 5400 രൂപ വീതവും വളങ്ങൾ വാങ്ങുന്നതിനുള്ള സഹായവും നൽകിവരുന്നുണ്ട്. സൂക്ഷ്മമൂലകങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി കൃഷി-മണ്ണ് സംരക്ഷണ വകുപ്പുകൾ സംയുക്തമായി പഞ്ചായത്തുകളുടെ മാപ്പിംഗ് തയ്യാറാക്കുകയും പരീക്ഷണാടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ വരവൂർ പഞ്ചായത്തിൽ 'മൈക്രോലെവൽ ഇൻഫർമേഷൻ സിസ്റ്റം ഓൺ സോയിൽസ് ഓഫ് കേരള' എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്നും 2018-19 വർഷം ഇത് എല്ലാ പഞ്ചായത്തുകളിലും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും 'തരിശ് രഹിത കേരളം' എന്ന ലക്ഷ്യത്തോടെ 5 വർഷത്തിനുള്ളിൽ 3 ലക്ഷം ഹെക്ടറിലേയ്ക്ക് കൃഷി വ്യാപിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സ്പെഷ്യൽ അഗ്രിക്കൾച്ചർ സോണായി പ്രഖ്യാപിച്ച കൈപ്പാട് പ്രദേശത്തെ കൃഷി സംരക്ഷിക്കുന്നതിനായി ഒരു വികസന ഏജൻസി രൂപീകരിക്കുന്നതാണ്. 'സീറോ ബഡ്ജറ്റ് നാച്വറൽ ഫാമിംഗ്' നടപ്പാക്കുന്നതാണെന്നും 'ആത്മ-ലീഡ്സ്' പദ്ധതികൾ സംയോജിപ്പിച്ച് 'കേരള ഇന്നവേഷൻ എക്സ്റ്റൻഷൻ പ്രോജക്ട്' നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും നിലവിൽ 2 ഫാർമേഴ്സ് ട്രെയിനിംഗ് സെന്ററുകളും 5 RATTC (Regional Agricultural Technology Training Centre)-കളും പ്രവർത്തിക്കുന്നുണ്ടെന്നും കാർഷിക ഗവേഷകരുടെ സേവനങ്ങൾ കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിനായി 'ഫയലിൽ നിന്നും വയലിലേയ്ക്ക്' 'ലാബിൽ

നിന്ന് ലാൻഡിലേയ്ക്ക് എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും വിവര സാങ്കേതികവിദ്യയുടെ നൂതന മാർഗ്ഗങ്ങൾ ഉപയോഗിച്ച് ഏകീകൃത സോഫ്റ്റ്‌വെയറിലൂടെ കൃഷി ഓഫീസർമാർക്ക് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഓൺലൈൻ സംവിധാനം രൂപീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

60 (*543) <u>കെ.എസ്.ആർ.ടി.സി. വർക്ക് ഷോപ്പുകളുടെ പ്രവർത്തനം</u>

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) നൽകിയ മറുപടിയിൽ, നിർദ്ദിഷ്ട യോഗ്യതയും പ്രവർത്തി പരിചയവും ഉറപ്പുവരുത്തി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തരം തെരഞ്ഞെടുക്കപ്പെട്ട ജീവനക്കാരെയാണ് കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിൽ നിയമിച്ചിട്ടുള്ളതെന്ന് സഭയെ അറിയിച്ചു. മെക്കാനിക്കൽ വിഭാഗം ജീവനക്കാർക്ക് അതാതു മേഖലയിൽ പ്രാവീണ്യം ലഭിക്കത്തക്കവിധത്തിൽ കെ.എസ്.ആർ.ടി.സി.യുടെ ട്രെയിനിംഗ് സെന്ററിലും വർക്ക്ഷോപ്പുകളിലും ട്രെയിനിംഗ് നൽകുന്നതിനു പുറമേ ഓരോ വാഹന നിർമ്മാതാക്കളുടെയും, വാഹന ഘടക നിർമ്മാതാക്കളുടെയും ആഭിമുഖ്യത്തിൽ നിരന്തരം refresh training-ഉം നൽകി വരുന്നുണ്ട്. വർക്ക്ഷോപ്പുകളിൽ അയയ്ക്കുന്ന ബസ്സുകൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ മേഖലയിൽ വൈദഗ്ദ്ധ്യമുള്ളവരുടെ അപര്യാപ്തതയും സാമ്പത്തിക പ്രതിസന്ധിയും

മറികടക്കാനുള്ള ശ്രമം നടത്തുന്നതാണ്. കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി ബസ് ബോഡി നിർമ്മാണത്തിനുള്ള മനുഷ്യാധ്വാനം 215 ദിവസമാക്കി ചുരുക്കുന്നതിനുള്ള തീരുമാനമെടുക്കുകയും അഖിലേന്ത്യാ നിയമമനുസരിച്ചുള്ള പുതിയ ബസ് ബോഡി കോഡ് പ്രകാരമുള്ള അക്രെഡിറ്റേഷൻ എടപ്പാളിലെ വർക്ക്ഷോപ്പിന് കൂടി ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വർക്ക്ഷോപ്പുകൾ നവീകരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്നും സർക്കാരിന്റെ ഇതര വാഹനങ്ങൾകൂടി റിപ്പെയർ ചെയ്യുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും കാലപ്പഴക്കമുള്ള ബസ്സുകൾ ലേലം ചെയ്ത് വിൽക്കുന്നതിന് ഡിപ്പോ മാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും എറണാകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിന്റെ നവീകരണ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച നടത്തി തീരുമാനമെടുക്കുന്നതാണെന്നും മുണ്ടക്കയത്ത് ഒരു സബ് ഡിപ്പോ അനുവദിക്കുന്നതിലെ പ്രായോഗികത സംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 5426 മുതൽ 5660 വരെയുള്ള ചോദ്യങ്ങളിൽ 32 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)